**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4482** **10-08-2021 - ൽ മറുപടിയ്ക്ക്**

**കൂടുതൽ വിദ്യാർത്ഥികൾക്ക് കോളേജ് പഠനത്തിന് അവസരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ ,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. എം.വിജിൻ,<br>ശ്രീ. പി.പി. സുമോദ് | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | പല കാരണങ്ങളാൽ കോളേജ് പഠനം സാധിക്കാതെ വരുന്നവർ ആശ്രയിക്കുന്ന പ്രൈവറ്റ് രജിസ്ട്രേഷൻ വഴിയുള്ള ബിരുദ, ബിരുദാനന്തര പഠനത്തിനായുള്ള രജിസ്ട്രേഷൻ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; | (എ) | കേരള, മഹാത്മാഗാന്ധി, കണ്ണൂർ സർവ്വകലാശാലകൾ പ്രൈവറ്റ് രജിസ്ട്രേഷൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | ഏതെല്ലാം സർവ്വകലാശാലകളിലാണ് പ്രസ്തുത രജിസ്ട്രേഷൻ നടപടികൾ ആരംഭിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ; | (ബി) | കേരള, മഹാത്മാഗാന്ധി, കണ്ണൂർ സർവ്വകലാശാലകൾ പ്രൈവറ്റ് രജിസ്ട്രേഷൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) | കൂടുതൽ വിദ്യാർത്ഥികൾക്ക് കോളേജ് പഠനത്തിന് അവസരമൊരുക്കുന്നതിനായി ഗവൺമെന്റ് ആർട്ട്സ് ആന്റ് സയൻസ് കോളേജുകളിലെ സീറ്റുകളും കോഴ്സുകളും വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (സി) | സ.ഉ(സാധാ) നം. 1011/2021/ഉ.വി.വ തീയതി 05/08/2021 സർക്കാർ ഉത്തരവ് പ്രകാരം 2021-22 അക്കാദമിക വർഷം കേരളത്തിലെ സർവ്വകലാശാലകളോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് & സയൻസ് കോളേജുകളിൽ ബിരുദ/ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിൽ സീറ്റ് വർദ്ധനവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഡി) | ഉന്നതവിദ്യാഭ്യാസ മേഖലയിൽ ആരംഭിക്കാനുദ്ദേശിക്കുന്ന പുതുതലമുറ കോഴ്സുകൾ ഏതെല്ലാമാണെന്നും അവ ആരംഭിയ്ക്കുന്നതിനുള്ള നടപടികളുടെ പുരോഗതിയും വിശദമാക്കുമോ? | (ഡി) | പുതുതലമുറ കോഴ്സുകൾ ആരംഭിക്കുന്ന തിനുള്ള പ്രൊപ്പോസലുകൾ ലഭ്യമാക്കു ന്നതിനായി കോളേജുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ